**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഗ്രാമപഞ്ചായത്തുകൾ ഗ്രാമവികസന ബോർഡിൽ നിന്നും നഗരസഭകൾ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയുടെ മുതൽ 2010–11–ലെ വികസനഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്**

സ.ഉ.(സാധാ)നം.660/2011/തസ്വഭവ　　　　തിരുവനന്തപുരം, തീയതി: 01–03–2011

പരാമർശം: 1. സ.ഉ.(സാധാ)നം.522/2010/തസ്വഭവ; തീയതി 22.02.2010
2. സ.ഉ (സാധാ)നം.977/2010/തസ്വഭവ; തീയതി 22.03.2010
3. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.01.2011–ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/ ഡി.യു.ഇ.എസ്/249/10 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 26.02.2011–ലെ 2.80–ാം നമ്പർ തീരുമാനം.

## ഉത്തരവ്

ഗ്രാമപഞ്ചായത്തുകൾ ഗ്രാമവികസന ബോർഡിൽ നിന്നും നഗരസഭകൾ കേരള നഗര–ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എടുത്ത വായ്പയുടെ മുതൽ മാത്രം (principal only) 2010–11 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം വിനിയോഗിച്ച് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പലിശ നൽകുന്നതിന് വികസനഫണ്ട് വിനിയോഗിക്കാൻ പാടില്ല. മുതൽ തിരിച്ചടയ്ക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കുന്നു. തുക വിനിയോഗിക്കുന്നതിനും നടപടി ഉത്തരവിന്റെ ഭാഗമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) 2010–11 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതത്തിൽ നിന്നും തുക കണ്ടെത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ അടയ്ക്കാവുന്നതാണ്. എന്നാൽ ഭേദഗതിയുടെ വിശദാംശങ്ങൾ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

(2) മേഖലാ നിബന്ധനകൾക്ക് അനുസൃതമായാണ് തുക വിനിയോഗിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ഭേദഗതി ചെയ്യുന്ന പ്രോജക്ടുകൾ ഏതൊക്കെയെന്ന് തദ്ദേശഭരണ സ്ഥാപനം ആദ്യം നിശ്ചയിക്കണം. തുടർന്ന് ഭേദഗതി നിർദ്ദേശങ്ങളും പണം അടയ്ക്കുന്നതിന് വേണ്ട വിഹിതം വകയിരുത്തിയ പുതിയ പ്രോജക്ടും സുലേഖ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഡാറ്റാ എൻട്രി ചെയ്യേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് പരിശോധന നടത്തിയത് സംബന്ധിച്ച വാലിഡേഷൻ റിപ്പോർട്ടിന്റെ പ്രിന്റ് എടുക്കേണ്ടതുമാണ്. ഇപ്രകാരം വാലിഡേഷൻ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ തുക അടയ്ക്കുന്നത് സംബന്ധിച്ച തീരുമാനം തദ്ദേശഭരണ സ്ഥാപനം എടുക്കാൻ പാടുള്ളൂ.

(3) മുതൽ തുക തിരിച്ചടയ്ക്കുന്നതിനുള്ള പ്രോജക്ടിന് പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം വകയിരുത്തുന്ന രീതിയിലാണ് വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
8 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
9 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
10 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
11 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
12 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
13 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
15 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
16 മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.
17 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
18 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
19 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
21 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി./ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്